# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം-ജീവനക്കാര്യം- കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് തരം താഴ്ത്തി കൊണ്ടും, ശൂന്യ വേതന അവധി കഴിഞ്ഞു വരുന്ന ഉദ്യോഗസ്ഥന് നിയമനം നല്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB2/35886/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 21.11.2023

---

വായന:- 1. 20.04.2021 ലെ ജി ഓ (ആർ ടി ) 620/2021/H.Edn നമ്പർ സർക്കാർ ഉത്തരവ്

2. കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ 25.08.2023 ലെ എ6/4092/2023 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സൂചന (I) ഉത്തരവ് പ്രകാരം കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറായ ശ്രീ അബ്ദുസമദ് കെ വി യ്ക്ക് 24/11/2020 മുതൽ 3 വർഷത്തേയ്ക്ക് കേരള സർവീസ് ചട്ടം അനുബന്ധം XII A ഭാഗം (1) പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവായിരുന്നു. അവധി അവസാനിക്കുന്നതിനാൽ 25/11/2023 ൽ ജോലിയിൽ പുന:പ്രവേശനം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ.അബ്ദുസമദ് കെ വി സ്ഥാപന മേധാവി മുഖേന സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറുടെ ഒഴിവില്ലാത്തതിനാൽ ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് അവസാനം പ്രമോഷൻ നല്കിയ ജീവനക്കാരനെ ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് തരം താഴ്ത്തി ഒഴിവ് ഉണ്ടാക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (4) പ്രകാരം ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് അവസാനം പ്രമോഷൻ നല്കിയ നിലവിൽ തൃശ്ശൂർ എഞ്ചിനീയറിങ് കോളേജിൽ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയ ശ്രീമതി ബിജിന കെ പി യെ ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് തരം താഴ്ത്തി സർക്കാർ പോളിടെക്നിക് കോളേജ് കളമശ്ശേരിയിലെ തുറന്ന ഒഴിവിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ അബ്ദുസമദ് കെ വി യ്ക്ക് തൃശ്ശൂർ എഞ്ചിനീയറിങ് കോളേജിൽ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗത്തിൽ ശ്രീമതി ബിജിന കെ പി യെ തരം താഴ്ത്തിയ ഒഴിവിൽ 25/11/2023 മുതൽ ജോലിയിൽ പുന:പ്രവേശനം നല്കിയും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ് /-

Draft #1 of File EB2/35886/23/DTE Approved by Director (in-charge) on 21-Nov-2023 05:50 PM - Page 1

ഡോ. രാജശ്രീ എം.എസ്

ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്

1.ബന്ധപ്പെട്ട ജീവനക്കാർക്കും സ്ഥാപന മേധാവികൾക്കും

(ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

2.സൂപ്രണ്ട്, ഇജി സെക്ഷൻ

3.ഇബി 3 സെക്ഷൻ

4.ഇബി 5 സെക്ഷൻ

കരുതൽ/ആഫീസ് പകർപ്പ്

## Approval Valid

Digitally Approved By

ഡോ. രാജശ്രീ എം.എസ്

Date: 21.11.2023

Reason: Approved

Draft #1 of File EB2/35886/23/DTE Approved by Director (in-charge) on 21-Nov-2023 05:50 PM - Page 2

The document is digitally approved. Hence signature is not needed.